പ്രൊമോഷൻ താൽക്കാലികമായി റെഗുലറൈസ് ചെയ്യുകയും താൻ ഉൾപ്പെട്ട കേസ്സ് തീരുമാനം ആകുന്നതിന്റെ അടിസ്ഥാനത്തിൽ ഇതിൻമേൽ അന്തിമ തീർപ്പ് കല്പിക്കാനും തീരുമാനിച്ചു.

(എച്ച്) ശ്രീ. റ്റി.പി. ലോഹിതാക്ഷനെ വിജിലൻസ് അന്വേഷണ റിപ്പോർട്ടിൽ 7-ാം പ്രതിയാക്കിയിട്ടുണ്ട്.

(ഐ) കേസ് കോടതിയുടെ പരിഗണനയിലായതുകൊണ്ട് തൽക്കാലം മറുപടി നൽകാൻ നിർവാഹമില്ല.

23 (3349) തൃപ്പൂണിത്തുറ സബ് ട്രഷറി

<u>ശ്രീ. കെ. ബാബു</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ സബ് ട്രഷറി ഇപ്പോൾ എവിടെയാണ് പ്രവർത്തിച്ചു വരുന്നത്;

(ബി) മാസംതോറും എത്ര രൂപ വാടക തുക ഇനത്തിൽ സർക്കാർ നൽകുന്നുണ്ട്;

(സി) തൃപ്പൂണിത്തുറ മിനി സിവിൽ സ്റ്റേഷനിൽ ഈ സബ് ട്രഷറിക്ക് ആവശ്യമായ സ്ഥലം (കെട്ടിടം) അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് അനുവദിച്ചത്;

(ഡി) മിനി സിവിൽ സ്റ്റേഷനിൽ സ്ഥലം ലഭ്യമായിട്ടും ഈ സബ് ട്രഷറി വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതെന്തുകൊണ്ടാണെന്നറിയിക്കുമോ;

(ഇ) ഇക്കാര്യത്തിൽ സർക്കാരിനുണ്ടാകുന്ന സാമ്പത്തിക നഷ്ടവും പൊതുജനങ്ങൾക്കുണ്ടാകുന്ന ക്ലേശങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) പ്രസ്തുത സബ് ട്രഷറി മിനി സിവിൽ സ്റ്റേഷനിലേക്ക് മാറ്റാനുദ്ദേശിക്കുന്നു എങ്കിൽ എന്നാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) തൃപ്പൂണിത്തുറ സബ് ട്രഷറി ഇപ്പോൾ തൃപ്പൂണിത്തുറയിലുള്ള പാലസ് അഡ്മിനിസ്ട്രേഷന്റെ വാടകക്കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്.

(ബി)&(സി) ഈ കെട്ടിടത്തിന് വാടക ഇനത്തിൽ 3360/- രൂപ മാസന്തോറും നൽകുന്നുണ്ട്.

ഈ സബ് ട്രഷറിക്ക് തൃപ്പൂണിത്തുറ മിനി സിവിൽ സ്റ്റേഷനിൽ ആവശ്യമായ സ്ഥലം അനുവദിച്ചതായി എറണാകുളം ജില്ലാ കളക്ടറുടെ 25-11-98-ലെ എ3/33587/94 ഉത്തരവ് മുഖാന്തിരം അറിയിച്ചിട്ടുണ്ട്.

(ഡി) 25-11-98-ന് സ്ഥലം അനുവദിച്ചു കിട്ടിയെങ്കിലും, ട്രഷറി പ്രവർത്തനത്തിന് യോജിച്ച വിധത്തിൽ കെട്ടിടത്തിന് ചില മാറ്റങ്ങൾ വരുത്തേണ്ടതായിട്ടുള്ളതിനാലും, വൈദ്യുതി കണക്ഷൻ കിട്ടാത്തതിനാലും പുതിയ കെട്ടിടത്തിൽ ഈ ട്രഷറി പ്രവർത്തനം ആരംഭിക്കുവാൻ ഇതുവരെ സാധിച്ചിട്ടില്ല.

(ഇ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്)മിനി സിവിൽ സ്റ്റേഷൻ കെട്ടിടത്തിൽ ട്രഷറി പ്രവർത്തിക്കുന്നതിന് അനിവാര്യമായ ജോലിചെയ്തു പൂർത്തിയാക്കിയിട്ടുണ്ട്. ഉടൻതന്നെ ആ കെട്ടിടത്തിലേക്ക് ട്രഷറി മാറ്റി പ്രവർത്തനം തുടങ്ങുന്നതാണ്.

24 (3350) ലോക്കൽ ഫണ്ട് ഓഡിറ്റ് പ്രകാരം ഉൾപ്പെടുത്തിയ സ്ഥാപനങ്ങൾ

ശ്രീ. എ.കെ. മണി :

ശ്രീ. ഇ.എം. അഗസ്തി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1994-ലെ കേരള ലോക്കൽ ഫണ്ട് ആക്ട് അനുസരിച്ച് എത്ര പുതിയ സ്ഥാപനങ്ങളുടെ ഓഡിറ്റ്, ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പരിധിയിൽ കൂടുതലായി വന്നുവെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത വകുപ്പിന്റെ ഓഡിറ്റ് പരിധിയിൽ ഈ സ്ഥാപനങ്ങളെ പുതുതായി കൊണ്ടുവന്നത് ഏത് തീയതി മുതലാണെന്ന് വിശദീകരിക്കുമോ;

(സി) ഈ പുതിയ സ്ഥാപനങ്ങളെ ഓഡിറ്റ് നടത്തുന്നതിനുവേണ്ടി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിൽ ഈ സർക്കാർ എന്തെല്ലാം പരിഷ്കാരങ്ങൾ വരുത്തിയിട്ടുണ്ട്;

(ഡി) ഇത് സംബന്ധിച്ച് ഉത്തരവുകളുടെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ?

ഉത്തരം

(എ) പതിനഞ്ച് പുതിയ സ്ഥാപനങ്ങളെക്കൂടി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ക്ഷേമനിധി ബോർഡുകൾ	-	12
സ്റ്റേറ്റ് നിർമ്മിതി കേന്ദ്രം	-	1
അർബൻ ഡെവലപ്മെന്റ് ഫൈനാൻസ് കോർപ്പറേഷൻ	-	1
കെ.എച്ച്.ആർ.ഡബ്ല്യു.എസ്.	-	1

		15
		===

(ബി) 15.1.1996 മുതൽ

(സി) പുതിയ സ്ഥാപനങ്ങൾ ഉൾപ്പെടെ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റ് പരിധിയിൽ വരുന്ന സ്ഥാപനങ്ങളുടെ ഓഡിറ്റിനായി 151 പുതിയ തസ്തികകൾ അനുവദിക്കുകയും വകുപ്പിലെ ജീവനക്കാരുടെ സേവനം പരമാവധി പ്രയോജനപ്പെടുത്തുന്നതിനുവേണ്ടി ടി.എ. സീലിങ്ങിൽ നിന്നും ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly